കേരളകൗമുദി

Established by C.V. Kunjuraman as a periodical in 1911

വൃശ്ചികപ്പുലരിയിൽ ഭക്തസഹസ്രങ്ങൾ

ദുരിതക്കയം കടന്ന് ദർശനപുണ്യം

▸ അടൂർ പ്രദീപ്കുമാർ

ശബരിമല: പൊലീസൊരുക്കിയ കഠിന നിയന്ത്രണങ്ങളും സംഘർഷഭീതിയും മറികടന്ന് മലകയറിയെത്തിയ ഭക്തസഹസ്രങ്ങൾക്ക് വൃശ്ചികപ്പുലരിയിൽ മനംകുളിർത്ത ശബരീശദർശനം. പുതിയ മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരിയാണ് ശ്രീകോവിൽ തുറന്ന് ദീപം തെളിച്ചത്. നിർമ്മാല്യദർശനത്തിനുശേഷം തന്ത്രി കണ്ഠരര് രാജീവരര് സീസണിലെ ആദ്യനെയ്യഭിഷേകത്തിന് തുടക്കം കുറിച്ചു. ദേവസ്വംബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, ദേവസ്വം കമ്മിഷണർ എൻ. വാസു, ദേവസ്വം സെക്രട്ടറി കെ.ആർ. ജ്യോതിലാൽ തുടങ്ങിയവർ നിർമ്മാല്യദർശനത്തിന് എത്തിയിരുന്നു. തുടർന്ന് കിഴക്കേ മണ്ഡപത്തിൽ അഷ്ടദ്രവ്യ ഗണപതിഹോമത്തോടെ പൂജാചടങ്ങുകൾ ആരംഭിച്ചു. ഉച്ചപൂജയ്ക്ക് മുന്നോടിയായി 25 കലശവും കളഭാഭിഷേകവും നടന്നു. തുടർച്ചയായി പതിനഞ്ചാം വർഷവും കൊല്ലം അഞ്ചാലുമൂട് സ്വദേശി മനോജ് കുമാറിന്റെ വകയായിരുന്നു സീസണിലെ ആദ്യ കളഭാഭിഷേകം. മറയൂരിൽനിന്നുള്ള ചന്ദനം അരച്ചാണ് കളഭക്കൂട്ട് ഒരുക്കിയത്. പുലർച്ചെ 3 നാണ് നട തുറന്നത്.

പുതിയതായി സ്ഥാനമേറ്റ മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരി വൃശ്ചികം ഒന്നിന് ശബരിമല നട തുറക്കുന്നു ഫോട്ടോ: അജയ്മധു

സർവ്വത്ര വിലക്ക്, തിരക്ക് പകുതിയായി

പൊലീസ് ഏർപ്പെടുത്തിയ പരിധിയില്ലാത്ത നിയന്ത്രണങ്ങൾക്കും വിലക്കുകൾക്കുമിടയിൽവശംകെട്ടാണ് ഭക്തർ മലചവിട്ടുന്നത്. ശനിയാഴ്ചകൂടിആയതിനാൽഇന്നലെപതിവിലേറെ തിരക്കുണ്ടാകേണ്ടതായിരുന്നു. എന്നാൽ, മുൻവർഷങ്ങളിലെത്തിയതിന്റെ പകുതി ഭക്തർപോലും ദർശനത്തിനെത്തിയില്ല.

രാത്രി 8 മണിക്കു നിലയ്ക്കലിൽനിന്നു പമ്പയിലേക്കുള്ള ബസ് സർവീസ് നിറുത്തിവച്ച ശേഷം 12.30 നാണ് പുനരാരംഭിച്ചത്. അത്രയും നേരം നിലയ്ക്കലിൽ വെറുതേ കാത്തുകിടക്കേണ്ടഗതികേടാണ് ഇപ്പോൾ ഭക്തർക്ക്. ഇവർ പമ്പയിലെത്തി സ്നാനം നടത്തി മലയിലെത്തുംമുൻപ് ശബരിമല നട തുറക്കുകയും ചെയ്തിരുന്നു.

യാതൊരു അടിസ്ഥാനസൗകര്യങ്ങളുമില്ലാത്ത നിലയ്ക്കലിൽ ബസ് പോകുന്നതും കാത്ത് കഴിയേണ്ടിവരുന്ന തീർത്ഥാടകർ നേരിടുന്നത് പറഞ്ഞറിയിക്കാനാവാത്ത ദുരിതമാണ്. മരക്കൂട്ടംമുതൽ മളികപ്പുറം വരെ ഒരിടത്തും വിശ്രമിക്കുന്നതിന് സൗകര്യമില്ല.

ഇന്നലെ ദർശനത്തിന് എത്തിയവരിൽ അധികവും അയൽസംസ്ഥാനങ്ങളിൽ നിന്നുള്ളവരായിരുന്നു. മലയാളികളായ തീർത്ഥാടകരുടെ എണ്ണത്തിലാണ് ഗണ്യമായ കുറവുണ്ടായത്.

തന്ത്രി കൂളാണ്... *മണ്ഡല തീർത്ഥാടനത്തിന്റെ ഭാഗമായി ശബരിമല സന്നിധാനത്ത് മെഡിക്കൽ സഹായങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ ബി.പി നോക്കിയ ശേഷം ഡോക്ടറുമായി തന്ത്രി കണ്ഠരര് രാജീവരര് തമാശ പങ്കിടുന്നു. മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരി സമീപം* ഫോട്ടോ: അജയ്മധു

കഠിന സമ്മർദ്ദത്തിലും തന്ത്രിക്ക് രക്തസമ്മർദ്ദം നോർമൽ

▸ സ്വന്തം ലേഖകൻ

ശബരിമല: 'ഇന്നലെയിങ്ങോട്ട് വന്ന ആളിന് എന്ത്ടെൻഷൻ... മാസങ്ങളായി ടെൻഷൻ അടിക്കുന്ന എന്നെപ്പോലുള്ളവർക്കല്ലേബി. പിള്ളേടെന്ത്... ' ശബരിമല തന്ത്രി കണ്ഠരര് രാജീവരരിന്റെ കമന്റ് കേട്ട് കൂടി നിന്നവരുടെ ചിരി. സന്നിധാനത്ത കൊടിമരച്ചുവട്ടിൽ ആരോഗ്യവകുപ്പ് ആരംഭിച്ച ഫസ്റ്റ് എയ്ഡ് സെന്ററിന്റെ ഉദ്ഘാടന ചടങ്ങായിരുന്നു വേദി. ഉദ്ഘാടനം നിലവിളക്ക് കൊളുത്തിനിർവഹിച്ത്തന്ത്രിയായിരുന്നു. ഒപ്പം മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരിയും എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ്കുമാറുമുണ്ടായിരുന്നു.

ചടങ്ങിനുശേഷം ആദ്യമായി രക്തസമ്മർദ്ദം പരിശോധിക്കാൻ മേൽശാന്തിയെ ക്ഷണിച്ചപ്പോഴാണ് തന്ത്രിയുടെ കമന്റ് ഉയർന്നത്. യുവതീപ്രവേശനവിഷയവുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങളിൽ ഏറെ മാനസിക സമ്മർദ്ദം അനുഭവിക്കേണ്ടിവന്നതും വിവാദങ്ങളിലേക്ക് കൂട്ടതൽ വലിച്ചിഴയ്ക്കപ്പെട്ടതും തന്ത്രിയായിരുന്നു. മേൽശാന്തിയുടെ രക്തസമ്മർദ്ദം നോക്കിയശേഷം തന്ത്രിയെ ഡോക്ടർ ക്ഷണിച്ചു. ആദ്യം നിരസിച്ചെങ്കിലും കൂടെനിന്നവരുടെ അഭ്യർത്ഥന മാനിച്ച് മനസില്ലാമനസോടെ ഇരുന്നു. ഡോക്ടറുടെയും കൂടിനിന്നവരുടെയും മുഖത്ത് പിരിമുറുക്കം ഉണ്ടായപ്പോഴും തന്ത്രി വളരെ കൂളായിരുന്നു. രക്തസമ്മർദ്ദം നോർമലാണെന്ന് പറഞ്ഞപ്പോൾ കൂടിനിന്നവരുടെ മുഖത്ത് ഭക്തി സാന്ദ്രമായ ചിരി വിടർന്നു.

നിര്യാതനായി

ടി.ജി. പ്രഭാകരൻ

തിരുവനന്തപുരം : കോലിയക്കോട് പ്രണവത്തിൽ ടി.ജി. പ്രഭാകരൻ (78) നിര്യാതനായി. ഭാര്യ: സരസ്വതി. എസ്. മക്കൾ: സീമ ജയൻ, സിമി ഹാലി. മരുമക്കൾ: ഡോ.സി. ജയൻ, ഹാലി വിശ്വനാഥ്. സംസ്കാരം ഇന്ന് രാവിലെ 11 ന് ശാന്തികവാടത്തിൽ.

തിരുനെൽവേലി മനോന്മണിയം സുന്ദരനാർ യൂണിവേഴ്സിറ്റിയിൽ നിന്ന് മാത്തമാറ്റിക്സിൽ ഡോക്ടറേറ്റ് നേടിയ എസ്.പി. വിജി. തിരുവനന്തപുരം എം.ജി കോളേജ് ഒഫ് എൻജിനിയറിംഗ് അസിസ്റ്റന്റ് പ്രൊഫസറാണ്. നാഗർകോവിൽ പത്തായപ്പുരവീട്ടിൽ പരേതനായ എസ്.പി. പിള്ളയുടെയും ശ്യാമള കുമാരിയുടെയും മകളും തിരുവനന്തപുരം മണക്കാട് ഗംഗാനഗറിൽ രാമനിലയത്തിൽ രാമനാഥപിള്ളയുടെയും പുഷ്പവല്ലിയുടെയും മരുമകളും പി.ആർ. പത്മകുമാറിന്റെ ഭാര്യയുമാണ്

സ്ട്രോക്ക്: അന്താരാഷ്ട്ര കോൺഫറൻസ് തുടങ്ങി

തിരുവനന്തപുരം: സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ആരോഗ്യപ്രശ്നമായ സ്ട്രോക്കിനെ എങ്ങനെ ഫലപ്രദമായി നേരിടാമെന്നതിനെക്കുറിച്ച് ചർച്ചചെയ്യുന്ന ദ്വിദിന അന്താരാഷ്ട്ര കോൺഫറൻസ് തുടങ്ങി.

യു.കെയിലെ യൂണിവേഴ്സിറ്റി ഒഫ് സെൻട്രൽ ലാൻഷറിന്റെ സഹകരണത്തോടെ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസിലെ ന്യൂറോ സർജറി വിഭാഗമാണ് രാജ്യത്ത് ആദ്യമായി വിവിധ മേഖലകളിലുള്ളവരെ പങ്കെടുപ്പിച്ചുകോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. ഔദ്യോഗികഉദ്ഘാടനം സ്റ്റാച്യൂ റസിഡൻസിടവറിൽ ഇന്ന് രാവിലെ 9.30ന് അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായി നിർവഹിക്കും.

നോട്ടിംഗ്ഹാം യൂണിവേഴ്സിറ്റിയിലെ സ്ട്രോക്ക് ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗം പ്രൊഫസർ മാരിയോൺ വാൾക്കർ മുഖ്യാഥിതിയാകും. യൂണിവേഴ്സിറ്റി ഒഫ് സെൻട്രൽ ലാൻഷറിലെ പ്രൊഫസർ ഡാമി കരോളിൻ വാക്കിംഗ്സ്, വേൾഡ് സ്ട്രോക്ക് ഓർഗനൈസേഷൻ വൈസ് പ്രസിഡന്റ് ഡോ. ജയരാജ് ദുരൈ പാണ്ഡ്യൻഎന്നിവർ സംസാരിക്കും. കോൺഫറൻസ് കോ-ഓർഡിനേറ്റർ ശ്രീചിത്ര ന്യൂറോളജി വിഭാഗം പ്രൊഫസർ ഡോ. പി.എൻ. ഷൈലജ സ്വാഗതവും നഴ്സിംഗ് ഓഫീസർ വത്സലകുമാരി നന്ദിയും പറയും.

കോൺഫറൻസിന്റെ ആദ്യദിനമായിരുന്ന ഇന്നലെ സ്ട്രോക്കിന്റെ ലക്ഷണങ്ങളും രോഗത്തെ എങ്ങനെ പ്രതിരോധിക്കാം എന്നതിനെക്കുറിച്ചും ചർച്ചചെയ്തു.

യു.കെയിൽ നിന്നുള്ള 12 അംഗ വിദഗ്ദ്ധരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്. ഡോക്ടർമാർ, ഫിസിയോ തെറാപ്പിസ്റ്റുകൾ, നഴ്സുമാർ എന്നിവരുൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 320 പേരാണ് കോൺഫറൻസിൽ പങ്കെടുക്കുന്നത്. ഇന്ന് വൈകിട്ട് 4ന് സമാപിക്കും.

ബാലാവകാശ സംരക്ഷണ വാരാഘോഷം ഉദ്ഘാടനം ഇന്ന്

തൊട്ടപ്പുഴ: സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ നടത്തുന്നബാലാവകാശസംരക്ഷണ വാരാഘോഷത്തിന്റെസംസ്ഥാനതല ഉദ്ഘാടനം ഇന്ന് തൊട്ടപ്പുഴ ന്യൂമാൻ കോളേജിൽ രാവിലെ 10 ന് ഗവർണർ പി. സദാശിവം നിർവഹിക്കും. മന്ത്രിഎം.എം.മണിഅദ്ധ്യക്ഷത വഹിക്കും. ജുവനൈൽ ജസ്റ്റിസ്കമ്മിറ്റിചെയർമാൻജസ്റ്റിസ് ഷാജി പി. ചാലി മുഖ്യപ്രഭാഷണം നടത്തും. ബാലാവകാശ സംരക്ഷണ ചെയർമാൻ പി. സുരേഷ്, അഡ്വ. ജോയ്സ് ജോർജ് എം.പി, പി.ജെ. ജോസഫ് എം.എൽ.എ, ജില്ലാ കളക്ടർ കെ. ജീവൻ ബാബു, ഐ.ജി എസ്. ശ്രീജിത്ത്, കമ്മിഷൻ അംഗം സി. ബിജി ജോസ്, ജില്ലാ ചൈൽഡ്വെൽഫെയർ കമ്മിറ്റി ചെയർമാൻ പി.ജി. ഗോപാലകൃഷ്ണൻ, ന്യൂമാൻ കോളേജ് പ്രിൻസിപ്പൽ ഫാ. വിൻസെന്റ് നെടുങ്ങാട്ട് എന്നിവർ യോഗത്തിൽ സംസാരിക്കും.

എൻ.ജി.ഒ അസോസിയേഷൻ സംസ്ഥാന സമ്മേളനം തൃശ്ശൂർ ജവഹർ കൺവെൻഷൻ സെന്ററിൽ കെ.പി.സി.സി മുൻ പ്രസിഡന്റ് വി.എം. സുധീരൻ ഉദ്ഘാടനം ചെയ്യുന്നു

ശ്രീനാരായണ അന്തർദ്ദേശീയ പഠന കേന്ദ്രം

യുവതീ പ്രവേശന വിധി ഗുരുവിന്റെ ആചാര നവീകരണത്തിന്റെ തുടർച്ച

■ നവോത്ഥാന ഐക്യവേദി രൂപീകരിക്കുന്നു

▸ കെ.എസ്. അരവിന്ദ്

തിരുവനന്തപുരം : കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്ത സമൂഹത്തിന് പുരോഗതിനേടാനാകില്ലെന്ന വാസ്തവം സമൂഹത്തിന് പകർന്ന് പുതിയൊരു സാമൂഹ്യമുന്നേറ്റത്തിന് തുടക്കമിടാൻ ചെമ്പഴന്തി ശ്രീനാരായണ അന്തർദ്ദേശീയ പഠന കേന്ദ്രം തയ്യാറെടുക്കുന്നു.

ശബരിമലയിൽ യുവതീപ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധി അരുവിപ്പുറത്ത് ഗുരുദേവൻ തുടങ്ങിയ ആചാര നവീകരണത്തിന്റെ തുടർച്ചയായി കാണണമെന്നാണ് പഠനകേന്ദ്രത്തിന്റെ നിലപാട്. സുപ്രീംകോടതി വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട തെറ്റിധാരണകളെ ഗുരുദേവ ദർശനങ്ങളുടെ വെളിച്ചത്തിൽ തിരുത്തുകയെന്ന ലക്ഷ്യത്തോടെ പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവോത്ഥാന ഐക്യവേദിക്ക് രൂപം നൽകും. നവോത്ഥാനത്തിന്റെ ഗുണഭോക്താക്കളായ സമുദായങ്ങളെ ഒരു കുടക്കീഴിൽ എത്തിക്കുകയാണ് ലക്ഷ്യം. ഐക്യവേദി രൂപീകരിക്കാനുള്ള ആലോചനായോഗം ഇന്ന് രാവിലെ 11 ന് തിരുവനന്തപുരം പ്രസ്ക്লബിൽ പഠന കേന്ദ്രം ഡയറക്ടർ ഡോ.എം.ആർ. യശോധരന്റെ അദ്ധ്യക്ഷതയിൽ നടക്കും. ചരിത്രവും വസ്തുതകളും വളച്ചൊടിച്ച് മാറ്റങ്ങളോട് മുഖം തിരിക്കുന്ന ഒരു വിഭാഗം സമൂഹത്തിൽ ശക്തിപ്രാപിക്കുന്ന പശ്ചാത്തലത്തിൽ ഗുരുദേവന്റെ ദർശനങ്ങൾ കൊണ്ട് അവയെ ചെറുക്കുകയാണ് പഠനകേന്ദ്രത്തിന്റെ ലക്ഷ്യം. മുതിർന്നവർക്കും യുവജനങ്ങൾക്കും ഗുരുദേവദർശനങ്ങൾ പകരുന്ന പഠനകേന്ദ്രത്തിന്റെ മറ്റൊരു സുപ്രധാന ദൗത്യമാണിത്.

ശ്രീനാരായണ അന്തർദ്ദേശീയ പഠന കേന്ദ്രം

സാർത്ഥകമായ 14 വർഷങ്ങൾ

ഗുരുദേവന്റെ ജീവിതവും ദർശനവും അന്തർദ്ദേശീയ തലത്തിൽ പ്രചരിപ്പിക്കാൻ 2004ൽ സർക്കാർ ആരംഭിച്ചപ്രസ്ഥാനമാണ് ചെമ്പഴന്തി വയൽവാരം വിടിന് സമീപത്തെ ശ്രീനാരായണ അന്തർദ്ദേശീയ പഠന കേന്ദ്രം.

ഇതിനൊപ്പം പുതിയ തലമുറയ്ക്ക് ശ്രീനാരായണ ദർശനങ്ങൾ പഠിക്കാൻ ഹ്രസ്വകാലകോഴ്സുകളും പഠനക്ലാസുകളും നടത്തുന്നുണ്ട്. ഗുരുവിന്റെ സന്ദേശങ്ങൾ ഇംഗ്ലീഷ്, ഹിന്ദി, മലയാളം തുടങ്ങിയ ഭാഷകളിലും ആത്മോപദേശശതകം, പിണ്ഡനന്ദി തുടങ്ങിയ ഗുരുദേവകൃതികളുടെ പഠനക്ലാസും സമൂഹമാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നുണ്ട്.

'വൺ വേൾഡ് വിഷൻ ഓഫ് ശ്രീനാരായണ ഗുരു' എന്ന പേരിൽ ഒരു യൂട്യൂബ് ചാനലും ആരംഭിച്ചിട്ടുണ്ട്.

> ചരിത്രദൗത്യമാണ് ശ്രീനാരായണ അന്തർദ്ദേശീയ പഠനം കേന്ദ്രം ഏറ്റെടുക്കുന്നത്. കേരളത്തിലുണ്ടായിട്ടുള്ള സാമൂഹ്യ മാറ്റങ്ങളെല്ലാം ഗുരുദേവൻ അരുവിപ്പുറത്ത് തുടക്കം കുറിച്ച ആചാരനവീകരണത്തിന്റെ തുടർച്ചയാണ്. ശബരിമലയിലെസ്ത്രീ പ്രവേശനത്തെയുംഅത്തരമൊരു മാറ്റമായി കാണണം.
>
> - ഡോ.എം.ആർ.യശോധരൻ
> ഡയറക്ടർ, ശ്രീനാരായണ അന്തർദ്ദേശീയ പഠന കേന്ദ്രം

Vol. No. 108 Issue No. 311 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .